11057
4/11/20

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ് (കൺസ്യൂമർഫെഡ്)-മാനേജിംഗ് ഡയറക്ടറായിരിക്കവേ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.വി.എം.മുഹമ്മദ് റഫീഖ് (ഐ.പി.എസ്)-ന് നൽകിയ തുടർനിയമനത്തിന് കെ.എസ്.ആർ ഭാഗം III റൂൾ 100 ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സഹകരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം. 519/2020/സഹ. തീയതി, തിരുവനന്തപുരം, 15.10.2020

---

പരാമർശം:- സ.ഉ (സാധാ)നം.252/2020/വ്യവ തീയതി 09.06.2020

**<u>ഉത്തരവ്</u>**

സഹകരണ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ് (കൺസ്യൂമർഫെഡ്)-ൽ മാനേജിംഗ് ഡയറക്ടറായി സേവനം അനുഷ്ഠിച്ച വന്ന ശ്രീ.വി.എം.മുഹമ്മദ് റഫീഖ് (ഐ.പി.എസ്) 31.05.2020 ൽ വിരമിച്ച സാഹചര്യത്തിൽ പരാമർശം ഉത്തരവ് പ്രകാരം പ്രസ്തുത ഉദ്യോഗസ്ഥന് തുടർ നിയമനം നൽകിയിരുന്നു. പ്രസ്തുത നിയമനത്തിന് കെ.എസ്.ആർ ഭാഗം III റൂൾ 100-ലെ വ്യവസ്ഥകൾ ബാധകമാക്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**മിനി ആന്റണി ഐ.എ.എസ്**
**സെക്രട്ടറി**

ശ്രീ.വി.എം.മുഹമ്മദ് റഫീഖ് ഐ.പി.എസ്, മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്, കൊച്ചി
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
കരുതൽ ഫയൽ (എ 3/06/2020/സഹ)/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-10-2020

ഫയൽ നം. എ3/06/2020/സഹ. ഇനം നം: 4263

വിഷയം : സഹകരണ വകുപ്പ് - 31.05.2020-ലെ വിരമിക്കലിനെ തുടർന്ന് 09.06.2020-ലെ സ.ഉ. (സാധാ) നം.252/2020/സഹ. പ്രകാരം കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ് ൽ (കൺസ്യൂമർഫെഡ്) മാനേജിംഗ് ഡയറക്ടർ തസ്തികയിൽ ശ്രീ. മുഹമ്മദ് റഫീഖ് (ഐ.പി.എസ്.) ന് നൽകിയ തുടർ നിയമനത്തിന് സാധൂകരണം നൽകുന്നതും പ്രസ്തുത നിയമനത്തിന്റെ വ്യവസ്ഥകൾക്ക് അംഗീകാരം നേടുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു. പുനർനിയമനങ്ങൾ മന്ത്രിസഭായോഗത്തിന്റെ അംഗീകാരം ലഭ്യമാക്കിയതിന് ശേഷം മാത്രമേ നടത്തുവാൻ പാടുള്ളൂ എന്ന് 12.08.2020-ലെയും 07.10.2020-ലെയും മന്ത്രിസഭായോഗങ്ങളിൽ തീരുമാനിച്ചിരുന്നുവെങ്കിലും വിവിധ വകുപ്പുകളിൽ നിന്നും തുടർന്നും മന്ത്രിസഭാ തീരുമാനമില്ലാതെ പുറപ്പെടുവിച്ച പുനർനിയമനത്തിനുള്ള ഉത്തരവുകൾ സാധൂകരിക്കുന്നതിനുവേണ്ടി മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കുന്നത് ഗൗരവമായി മന്ത്രിസഭ നോട്ടു ചെയ്തു. മന്ത്രിസഭാ തീരുമാനം ഇല്ലാതെ തുടർനിയമനത്തിനുള്ള ഉത്തരവുകൾ വകുപ്പ് സെക്രട്ടറിമാർ പുറപ്പെടുവിക്കുവാൻ പാടില്ലായെന്നും ആവശ്യമുള്ള പക്ഷം മുൻകൂട്ടി തന്നെ പുനർനിയമനത്തിനുള്ള ശുപാർശകൾ ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കേണ്ടതാണെന്നും, മന്ത്രിസഭാ തീരുമാനം ഇല്ലാതെ ഉത്തരവുകൾ പുറപ്പെടുവിക്കുന്നപക്ഷം ബന്ധപ്പെട്ട സെക്രട്ടറിമാർക്കെതിരെ നടപടി സ്വീകരിക്കേണ്ടിവരും എന്നു സൂചിപ്പിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിക്കുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

AS/SW for urgent action
14/10

സെക്രട്ടറി, സഹകരണ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | | |
|---|---|---|---|---|
| 1 | | ഫയൽ നമ്പർ | : | എ 3/06/2020/സഹ |
| 2 | | വകുപ്പ് | : | സഹകരണ (എ) വകുപ്പ് |
| 3 | | വിഷയം | : | 31.05.2020 ലെ വിരമിക്കലിനെ തുടർന്ന് 09.06.2020 ലെ സ.ഉ(സാധാ) നം.252/2020/സഹ പ്രകാരം കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ്-ൽ (കൺസ്യൂമർഫെഡ്) മാനേജിംഗ് ഡയറക്ടർ തസ്തികയിൽ ശ്രീ.മുഹമ്മദ് റഫീഖ് (ഐ.പി.എസ്) ന് നൽകിയ തുടർ നിയമനത്തിന് സാധൂകരണം നൽകുന്നതും പ്രസ്തുത നിയമനത്തിന്റെ വ്യവസ്ഥകൾക്ക് അംഗീകാരം നേടുന്നതും സംബന്ധിച്ച് |
| 4 | | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21/09/20 |
| 5 | (i) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7 | | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.പി.എസ്.രാജേഷ് |
| 8 | | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി.മിനി ആന്റണി ഐ.എ.എസ് |
| 9 | | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29/09/20 |
| 10 | | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത ഐ.എ.എസ് |
| 11 | | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 05/10/20 |
| 12 | | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കടകംപള്ളി സുരേന്ദ്രൻ |
| 13 | | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 05/10/20 |
| 14 | | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 07/10/20 |
| 15 | | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ്-ൽ (കൺസ്യൂമർഫെഡ്) മാനേജിംഗ് ഡയറക്ടർ തസ്തികയിലിരിക്കെ 31.05.2020 ൽ വിരമിച്ച ശ്രീ.മുഹമ്മദ് റഫീഖ് (ഐ.പി.എസ്) ന് 09.06.2020 ലെ സ.ഉ(സാധാ) നം.252/2020/സഹ പ്രകാരം തുടർ നിയമനത്തിന് അനുമതി നൽകിയ നടപടിക്ക് സാധൂകരണം നൽകുന്നതിനും, പ്രസ്തുത നിയമനത്തിന്റെ വ്യവസ്ഥകൾക്ക് അംഗീകാരം നേടുന്നതിനും വേണ്ടിയുള്ള കുറിപ്പാണിത്.

2) 13.01.2020 ലെ സ.ഉ (സാധാ)നം.23/2020/സഹ പ്രകാരം, സഹകരണ വകുപ്പിന്റെ കീഴിലെ അപ്പെക്സ് ഫെഡറേഷൻ ആയ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ്-ന്റെ മാനേജിംഗ് ഡയറക്ടറായി ശ്രീ.മുഹമ്മദ് റഫീഖ് വി.എം. (ഐ.പി.എസ്) -നെ നിയമിച്ചിരുന്നു. 60 വയസ്സ് പൂർത്തിയായ സാഹചര്യത്തിൽ ശ്രീ.മുഹമ്മദ് റഫീഖ് 31.05.2020 ന് സേവനത്തിൽ നിന്നും വിരമിക്കുകയുണ്ടായി. സേവനത്തിലിരുന്ന മൂന്നര (3 1/2) മാസക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട് ഇനിയും സ്ഥാപനത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ശ്രീ.മുഹമ്മദ് റഫീഖിന്റെ തുടർ സേവനം അത്യന്താപേക്ഷിതമാണെന്ന് ഫെഡറേഷൻ ശുപാർശ ചെയ്ത സാഹചര്യത്തിൽ, 09.06.2020 ലെ സ.ഉ(സാധാ)നം.252/2020/സഹ പ്രകാരം നിയമന വ്യവസ്ഥകൾ പിന്നീട് നിശ്ചയിക്കാവുന്നതാണെന്ന വ്യവസ്ഥകളോടെ കരാർ അടിസ്ഥാനത്തിൽ ശ്രീ.റഫീഖിന് പുനർ നിയമനം നൽകിയിരുന്നു.

3) കൺസ്യൂമർഫെഡിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസ് സ.ഉ.(അ)144/2009/സഹ. തീയതി 19.08.2009 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും 18.06.2018 ലെ സ.ഉ.(അ)71/2018/സഹ. പ്രകാരം ഫെഡറേഷനിലെ മാനേജിങ് ഡയറക്ടറുടെ നിയമനത്തിനുള്ള വ്യവസ്ഥകൾ പുനർ നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തു. അപ്രകാരം ഫെഡറേഷനിലെ മാനേജിങ് ഡയറക്ടറുടെ നിയമനത്തിനായുള്ള വ്യവസ്ഥകൾ ഇപ്രകാരമാണ് :

"By Deputation/ Contact: a) Deputation of officers from IAS/IPS/Additional Registrar of Co-operative Societies or Government servant of equivalent rank/pay or General Manager of District Co-operative Bank.

b) In the case of appointment on contract basis Post Graduate Degree in Arts, Commerce, Science or Engineering with MBA (Finance/Banking/ Marketing), as major specialization from any University recognised by University of Kerala with experience of not less than 5 years in the post of Chief General Manager, Kerala State Co-operative Bank, General Manager, District Co-operative Bank, General Manager of Nationalized Bank/Scheduled Bank or General Manager or Managing Director of Public Limited Companies in Sector.

Preference will be given to those who have Ph.D in any Discipline coming under management"

4) I P S ൽ നിന്നും റിട്ടയർ ചെയ്ത ശേഷമാണ് റീ എംപ്ലോയ്മെന്റ് വ്യവസ്ഥകളിൽ അദ്ദേഹത്തെ നിയമിക്കാൻ അനുമതി നൽകിയത്. എന്നാൽ റൂൾസ് ഓഫ് ബിസിനസ്സിലെ വ്യവസ്ഥകൾ പ്രകാരം സർക്കാർ ജീവനക്കാരുടെ പുനർ നിയമനത്തിന് മന്ത്രിസഭയുടെ അംഗീകാരം അനിവാര്യമാണ്. മന്ത്രിസഭയുടെ അംഗീകാരം നേടുന്നതിന് മുമ്പായി ഫയൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി അയയ്ക്കുകയുണ്ടായി.

5)ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"Terms & condtions fix ചെയ്ത ശേഷം മന്ത്രിസഭാ യോഗതീരുമാനത്തിന് സമർപ്പിയ്ക്കണമെന്ന വ്യവസ്ഥയിൽ ശ്രീ.വി.എം.മുഹമ്മദ് റഫീക്ക് IPS -ന്റെ കൺസ്യൂമർഫെഡ് എം.ഡി ആയുള്ള പുനർ നിയമനം സാധൂകരിച്ച് നൽകാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിനു ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്".

6)ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 31.05.2020 ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.മുഹമ്മദ് റഫീഖിന് വിരമിക്കലിനെ തുടർന്ന് കേരള

കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡ്-ൽ (കൺസ്യൂമർഫെഡ്) കരാർ അടിസ്ഥാനത്തിൽ തുടർ നിയമനം നൽകിയ നടപടി അംഗീകരിക്കുന്നത് സംബന്ധിച്ചും, പ്രസ്തുത കരാർ നിയമനത്തിന്റെ നിയമന വ്യവസ്ഥകൾക്ക് മന്ത്രിസഭയുടെ അംഗീകാരം നേടുന്നതിനുമായി ഫയൽ ചംക്രമണം ചെയ്തപ്പോൾ, വിഷയം ബഹു.മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

7)ബഹു.മന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ചുവടെപ്പറയും പ്രകാരം രേഖപ്പെടുത്തുകയുണ്ടായി:

"വിരമിച്ച ഉദ്യോഗസ്ഥരെ പുനർനിയമനം നടത്തിയ ശേഷം സാധൂകരണത്തിനായി മന്ത്രിസഭാ യോഗത്തിനു ശുപാർശ സമർപ്പിക്കുന്ന പ്രവണത ഈയിടെയായി വർദ്ധിച്ചുവരുന്നു. ഇപ്രകാരം പുനർ നിയമനം നടക്കുന്നത് പ്രസ്തുത തസ്തികകളിൽ അർപ്പിതമായ ഔദ്യോഗിക കൃത്യനിർവഹണം വിജയകരമായി നടത്തുന്നതിന് പര്യാപ്തമായ നൈപുണ്യവും യോഗ്യതയും പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് തടസമായി ഭവിക്കാറുണ്ട്. ഇത്തരം നിയമനങ്ങൾ നടത്തുമ്പോൾ സേവന വേതന വ്യവസ്ഥകൾ മുൻകൂട്ടി നിശ്ചയിക്കാതെയാണ് മിക്ക ശുപാർശകളും മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി വരുന്നത്. കേരളാ സെക്രട്ടറിയേറ്റ് ആഫീസ് മാനുവലിന്റെ ഖണ്ഡിക 190(iii) പ്രകാരം വിഷയത്തിന്റെ എല്ലാ വസ്തുതകളും മന്ത്രിസഭായോഗത്തിനു സമർപ്പിക്കുന്ന കുറിപ്പുകളിൽ അടങ്ങിയിരിക്കണം.

മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിൽ നടത്തിയ പുനർ നിയമനത്തിന്മേൽ 12.08.2020 ൽ കൂടിയ മന്ത്രിസഭായോഗം ഇതേ വിഷയം പരിശോധിക്കുകയും ഭാവിയിൽ മുൻകാല പ്രാബല്യത്തോടെ പുനർനിയമനത്തിന് അംഗീകാരം നൽകേണ്ട എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വിരമിച്ചാലുടൻ ഉദ്യോഗസ്ഥർക്ക് പുനർ നിയമനം നൽകുന്നതും നടത്തുന്നതും പിന്നീട് സാധൂകരണം തേടുന്നതുമായ പ്രവണത അവസാനിപ്പിക്കേണ്ടതാണ്.

കേരള സർക്കാരിന്റെ റൂൾസ് ഒഫ് ബിസിനസ്സിന്റെ പട്ടിക 2 ലെ കേസ് നമ്പർ 45 പ്രകാരം മന്ത്രിസഭായോഗത്തിന്റെ അംഗീകാരം വാങ്ങിയതിനു ശേഷം മാത്രമേ പുനർനിയമനം നടത്താവൂ. 12.08.2020 ലെ മന്ത്രിസഭായോഗത്തിൽ എടുത്ത തീരുമാനത്തിന്മേൽ ഉറച്ചു നിൽക്കേണ്ടതുമാണ് ".

8)വീണ്ടും ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ചീഫ് സെക്രട്ടറി രേഖപ്പെടുത്തിയ മേൽ വസ്തുതകൾ കൂടി ഉൾപ്പെടുത്തി മന്ത്രിസഭയുടെ പരിഗണനയ്ക്ക് കുറിപ്പ് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

<u>തീരുമാനിക്കേണ്ട വിഷയം</u>

(എ) സഹകരണ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ്-ൽ (കൺസ്യൂമർഫെഡ്) മാനേജിംഗ് ഡയറക്ടറായി സേവനം അനുഷ്ഠിച്ച വന്ന ശ്രീ.വി.എം.മുഹമ്മദ് റഫീഖ് (ഐ.പി.എസ്) -ന് 31.05.2020 ലെ വിരമിക്കലിനെ തുടർന്ന് 09.06.2020 ലെ സ.ഉ (സാധാ)നം.252/2020/സഹ പ്രകാരം നൽകിയ തുടർ നിയമനത്തിന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ച വ്യവസ്ഥകൾ ഭാവിയിൽ കൃത്യമായി പാലിക്കേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി സാധൂകരണം നൽകാമോ?

(ബി) പ്രസ്തുത നിയമനത്തിന്റെ വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III റൂൾ 100 പ്രകാരം നിശ്ചയിച്ച് ഉത്തരവാകാമോ?

## കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| | ഫയൽ നമ്പർ | : | എ 3/06/2020/സഹ |
| 2 | വകുപ്പ് | : | സഹകരണ (എ) വകുപ്പ് |
| 3 | വിഷയം | : | 31.05.2020 ലെ വിരമിക്കലിനെ തുടർന്ന് 09.06.2020 ലെ സ.ഉ(സാധാ) നം.252/2020/സഹ പ്രകാരം കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ്-ൽ (കൺസ്യൂമർഫെഡ്) മാനേജിംഗ് ഡയറക്ടർ തസ്തികയിൽ ശ്രീ.മുഹമ്മദ് റഫീഖ് (ഐ.പി.എസ്) ന് നൽകിയ തുടർ നിയമനത്തിന് സാധൂകരണം നൽകുന്നതും പ്രസ്തുത നിയമനത്തിന്റെ വ്യവസ്ഥകൾക്ക് അംഗീകാരം നേടുന്നതും സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21/09/20 |
| 5 (i) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.പി.എസ്.രാജേഷ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി.മിനി ആന്റണി ഐ.എ.എസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29/09/20 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത ഐ.എ.എസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 05/10/20 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കടകംപള്ളി സുരേന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 05/10/20 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 07/10/20 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ്-ൽ (കൺസ്യൂമർഫെഡ്) മാനേജിംഗ് ഡയറക്ടർ തസ്തികയിലിരിക്കെ 31.05.2020 ൽ വിരമിച്ച ശ്രീ.മുഹമ്മദ് റഫീഖ് (ഐ.പി.എസ്) ന് 09.06.2020 ലെ സ.ഉ(സാധാ) നം.252/2020/സഹ പ്രകാരം തുടർ നിയമനത്തിന് അനുമതി നൽകിയ നടപടിക്ക് സാധൂകരണം നൽകുന്നതിനും, പ്രസ്തുത നിയമനത്തിന്റെ വ്യവസ്ഥകൾക്ക് അംഗീകാരം നേടുന്നതിനും വേണ്ടിയുള്ള കുറിപ്പാണിത്.

2) 13.01.2020 ലെ സ.ഉ (സാധാ)നം.23/2020/സഹ പ്രകാരം, സഹകരണ വകുപ്പിന്റെ കീഴിലെ അപ്പെക്സ് ഫെഡറേഷൻ ആയ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ്-ന്റെ മാനേജിംഗ് ഡയറക്ടറായി ശ്രീ.മുഹമ്മദ് റഫീഖ് വി.എം. (ഐ.പി.എസ്) -നെ നിയമിച്ചിരുന്നു. 60 വയസ്സ് പൂർത്തിയായ സാഹചര്യത്തിൽ ശ്രീ.മുഹമ്മദ് റഫീഖ് 31.05.2020 ന് സേവനത്തിൽ നിന്നും വിരമിക്കുകയുണ്ടായി. സേവനത്തിലിരുന്ന മൂന്നര (3 1/2) മാസക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട് ഇനിയും സ്ഥാപനത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ശ്രീ.മുഹമ്മദ് റഫീഖിന്റെ തുടർ സേവനം അത്യന്താപേക്ഷിതമാണെന്ന് ഫെഡറേഷൻ ശുപാർശ ചെയ്ത സാഹചര്യത്തിൽ, 09.06.2020 ലെ സ.ഉ(സാധാ)നം.252/2020/സഹ പ്രകാരം നിയമന വ്യവസ്ഥകൾ പിന്നീട് നിശ്ചയിക്കാവുന്നതാണെന്ന വ്യവസ്ഥകളോടെ കരാർ അടിസ്ഥാനത്തിൽ ശ്രീ.റഫീഖിന് പുനർ നിയമനം നൽകിയിരുന്നു.

3) കൺസ്യൂമർഫെഡിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസ് സ.ഉ.(അ)144/2009/സഹ. തീയതി 19.08.2009 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും 18.06.2018 ലെ സ.ഉ.(അ)71/2018/സഹ. പ്രകാരം ഫെഡറേഷനിലെ മാനേജിങ് ഡയറക്ടറുടെ നിയമനത്തിനുള്ള വ്യവസ്ഥകൾ പുനർ നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തു. അപ്രകാരം ഫെഡറേഷനിലെ മാനേജിങ് ഡയറക്ടറുടെ നിയമനത്തിനായുള്ള വ്യവസ്ഥകൾ ഇപ്രകാരമാണ് :

"By Deputation/ Contact: a) Deputation of officers from IAS/IPS/Additional Registrar of Co-operative Societies or Government servant of equivalent rank/pay or General Manager of District Co-operative Bank.

b) In the case of appointment on contract basis Post Graduate Degree in Arts, Commerce, Science or Engineering with MBA (Finance/Banking/ Marketing), as major specialization from any University recognised by University of Kerala with experience of not less than 5 years in the post of Chief General Manager, Kerala State Co-operative Bank, General Manager, District Co-operative Bank, General Manager of Nationalized Bank/Scheduled Bank or General Manager or Managing Director of Public Limited Companies in Sector.

Preference will be given to those who have Ph.D in any Discipline coming under management"

4) I P S ൽ നിന്നും റിട്ടയർ ചെയ്ത ശേഷമാണ് റീ എംപ്ലോയ്മെന്റ് വ്യവസ്ഥകളിൽ അദ്ദേഹത്തെ നിയമിക്കാൻ അനുമതി നൽകിയത്. എന്നാൽ റൂൾസ് ഓഫ് ബിസിനസ്സിലെ വ്യവസ്ഥകൾ പ്രകാരം സർക്കാർ ജീവനക്കാരുടെ പുനർ നിയമനത്തിന് മന്ത്രിസഭയുടെ അംഗീകാരം അനിവാര്യമാണ്. മന്ത്രിസഭയുടെ അംഗീകാരം നേടുന്നതിന് മുമ്പായി ഫയൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി അയയ്ക്കുകയുണ്ടായി.

5)ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"Terms & condtions fix ചെയ്ത ശേഷം മന്ത്രിസഭാ യോഗതീരുമാനത്തിന് സമർപ്പിയ്ക്കണമെന്ന വ്യവസ്ഥയിൽ ശ്രീ.വി.എം.മുഹമ്മദ് റഫീക്ക് IPS -ന്റെ കൺസ്യൂമർഫെഡ് എം.ഡി ആയുള്ള പുനർ നിയമനം സാധൂകരിച്ച് നൽകാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിനു ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്".

6)ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 31.05.2020 ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.മുഹമ്മദ് റഫീഖിന് വിരമിക്കലിനെ തുടർന്ന് കേരള

കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡ്-ൽ (കൺസ്യൂമർഫെഡ്) കരാർ അടിസ്ഥാനത്തിൽ തുടർ നിയമനം നൽകിയ നടപടി അംഗീകരിക്കുന്നത് സംബന്ധിച്ചും, പ്രസ്തുത കരാർ നിയമനത്തിന്റെ നിയമന വ്യവസ്ഥകൾക്ക് മന്ത്രിസഭയുടെ അംഗീകാരം നേടുന്നതിനുമായി ഫയൽ ചംക്രമണം ചെയ്തപ്പോൾ, വിഷയം ബഹു.മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

7)ബഹു.മന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ചുവടെപ്പറയും പ്രകാരം രേഖപ്പെടുത്തുകയുണ്ടായി:

"വിരമിച്ച ഉദ്യോഗസ്ഥരെ പുനർനിയമനം നടത്തിയ ശേഷം സാധൂകരണത്തിനായി മന്ത്രിസഭാ യോഗത്തിനു ശുപാർശ സമർപ്പിക്കുന്ന പ്രവണത ഈയിടെയായി വർദ്ധിച്ചുവരുന്നു. ഇപ്രകാരം പുനർ നിയമനം നടക്കുന്നത് പ്രസ്തുത തസ്തികകളിൽ അർപ്പിതമായ ഔദ്യോഗിക കൃത്യനിർവഹണം വിജയകരമായി നടത്തുന്നതിന് പര്യാപ്തമായ നൈപുണ്യവും യോഗ്യതയും പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് തടസമായി ഭവിക്കാറുണ്ട്. ഇത്തരം നിയമനങ്ങൾ നടത്തുമ്പോൾ സേവന വേതന വ്യവസ്ഥകൾ മുൻകൂട്ടി നിശ്ചയിക്കാതെയാണ് മിക്ക ശുപാർശകളും മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി വരുന്നത്. കേരളാ സെക്രട്ടറിയേറ്റ് ആഫീസ് മാനുവലിന്റെ ഖണ്ഡിക 190(iii) പ്രകാരം വിഷയത്തിന്റെ എല്ലാ വസ്തുതകളും മന്ത്രിസഭായോഗത്തിനു സമർപ്പിക്കുന്ന കുറിപ്പുകളിൽ അടങ്ങിയിരിക്കണം.

മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിൽ നടത്തിയ പുനർ നിയമനത്തിന്മേൽ 12.08.2020 ൽ കൂടിയ മന്ത്രിസഭായോഗം ഇതേ വിഷയം പരിശോധിക്കുകയും ഭാവിയിൽ മുൻകാല പ്രാബല്യത്തോടെ പുനർനിയമനത്തിന് അംഗീകാരം നൽകേണ്ട എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വിരമിച്ചാലുടൻ ഉദ്യോഗസ്ഥർക്ക് പുനർ നിയമനം നൽകുന്നതും നടത്തുന്നതും പിന്നീട് സാധൂകരണം തേടുന്നതുമായ പ്രവണത അവസാനിപ്പിക്കേണ്ടതാണ്.

കേരള സർക്കാരിന്റെ റൂൾസ് ഒഫ് ബിസിനസ്സിന്റെ പട്ടിക 2 ലെ കേസ് നമ്പർ 45 പ്രകാരം മന്ത്രിസഭായോഗത്തിന്റെ അംഗീകാരം വാങ്ങിയതിനു ശേഷം മാത്രമേ പുനർനിയമനം നടത്താവൂ. 12.08.2020 ലെ മന്ത്രിസഭായോഗത്തിൽ എടുത്ത തീരുമാനത്തിന്മേൽ ഉറച്ചു നിൽക്കേണ്ടതുമാണ് ".

8)വീണ്ടും ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ചീഫ് സെക്രട്ടറി രേഖപ്പെടുത്തിയ മേൽ വസ്തുതകൾ കൂടി ഉൾപ്പെടുത്തി മന്ത്രിസഭയുടെ പരിഗണനയ്ക്ക് കുറിപ്പ് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

<u>തീരുമാനിക്കേണ്ട വിഷയം</u>

(എ) സഹകരണ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ്-ൽ (കൺസ്യൂമർഫെഡ്) മാനേജിംഗ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചു വന്ന ശ്രീ.വി.എം.മുഹമ്മദ് റഫീഖ് (ഐ.പി.എസ്) -ന് 31.05.2020 ലെ വിരമിക്കലിനെ തുടർന്ന് 09.06.2020 ലെ സ.ഉ (സാധാ)നം.252/2020/സഹ പ്രകാരം നൽകിയ തുടർ നിയമനത്തിന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ച വ്യവസ്ഥകൾ ഭാവിയിൽ കൃത്യമായി പാലിക്കേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി സാധൂകരണം നൽകാമോ?

(ബി) പ്രസ്തുത നിയമനത്തിന്റെ വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III റൂൾ 100 പ്രകാരം നിശ്ചയിച്ച് ഉത്തരവാകാമോ?

A3/6/2020/Co-op

# GOVERNMENT OF KERALA
## (Sri.Pinarayi Vijayan Ministry)
## Note for the Council of Ministers

| | | | | |
|---|---|---|---|---|
| 1 | | File No. | : | A3/06/2020/Co-op |
| 2 | | Department | : | Co-operation (A) Department |
| 3 | | Subject | : | Ratification of the re-appointment given to Sri.V.M.Mohammed Rafeeq (IPS) on contract basis as per G.O(Rt) No.252/2020/Co-op dated 09.06.2020 as the Managing Director of the Kerala State Co-operative Consumers Federation Limited (Consumerfed) consequent to his retirement on 31.05.2020 and for fixing the terms of his appointment-Reg |
| 4 | | Date of Chief Minister's order for placing before the Council | : | 21/09/2020 |
| 5 | (i) | Does the case involve financial commitments/Implications | : | Yes |
| | (ii) | If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Yes. Remarks of Finance Department has been incorporated in the Note. |
| 6 | | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7 | | Name of Additional Secretary who submitted the Draft Note | : | Sri.P.S.Rajesh |
| 8 | | Name of Secretary who approved the Draft Note | : | Smt.Mini Antony I.A.S |
| 9 | | Date of approval of the Draft Note for the Council by the Secretary | : | 29/09/20 |
| 10 | | Name of Chief Secretary who approved the Draft Note | : | Dr. Vishwas Mehta I.A.S |
| 11 | | Date of approval of the Draft Note for the Council by the Chief Secretary | : | 05/10/20 |
| 12 | | Name of Minister who approved the Draft Note | : | Sri.Kadakampally Surendran |
| 13 | | Date of approval of the draft note for the Council by the Minister | : | 05/10/20 |
| 14 | | Date of submission of fair copies | : | 07/10/20 |
| 15 | | Date of decision by the Council of Ministers | : | |
| 16 | | Number and date of the G.O/letter communicating the decision | : | |

# NOTE FOR THE COUNCIL OF MINISTERS

This note is for seeking approval for ratifying decision to the re-appoint Sri.V.M.Mohammed Rafeeq IPS (Rtd) as M.D. in Consumerfed on contract basis as per G.O(Rt)No.252/2020/Co-op dated 09.06.2020 consequent to his retirement on 31.05.2020 in the said post and for fixing the terms of his appointment.

2)Government had appointed Sri.V.M.Mohammed Rafeeq as the Managing Director of the Kerala State Co-operative Consumers Federation Limted (Consumerfed), one of the apex federation in Co-operation Department as per G.O(Rt)No.23/2020/Co-op dated 13/01/2020. As Sri.Mohammed Rafeeq attained the age of 60 he retired from service on 31.05.2020. Considering the necessity to have him at the helm of the Federaton on account of the stupendous achievement the Federation could gain during his tenure of 3 1/2 months and considering the recommendation of the Federation in this regard Government have reappointed him as the Managing Director of the Federation as per G.O(Rt)No.252/2020/Co-op dated 09.06.2020.

3)The special Rules for appointment in various cadre of posts in Consumerfed was published as per GO(P)144/2009/Co-op dated 19.08.2009 with further ammendment effected on 18.06.2018 vide GO(P) 71/2018/Co-op dated 18.06.2018. Accordingly the creteria for selection for appointing Managing Director in Consumerfed is as follows:

By Deputation/ Contract:

a) Deputation of officers from IAS/IPS/ Additional Registrar of Co-operative Societies or Government servant of equivalent rank/pay or General Manager of District Co-operative Bank.

b) In the case of appointment on contract basis Post Graduate Degree in Arts,

Commerce, Science or Engineering with MBA (Finance/Banking/Marketing), as major specialization from any University recognised by University of Kerala with experience of not less than 5 years in the post of Chief General Manager, Kerala State Co-operative Bank, General Manager, District Co-operative Bank, General Manager of Nationalized Bank/Scheduled Bank or General Manager or Managing Director of Public Limited Companies in Sector.

Preference will be given to those who have Ph.D in any Discipline coming under management"

4)The re-appointment of Sri. V.M. Mohammed Rafeeq was done after his retirement from service in IPS cadre. The re-appointment should be made by only after getting approval of the Council of Ministers as mandated in the Rules of Business of the Government of Kerala.

5) File was forwarded to Finance Department before submitting the file for the approval of Cabinet.

6) The Finance Department has remarked as follows in this matter:

"Terms & condtions fix ചെയ്ത ശേഷം മന്ത്രിസഭാ യോഗതീരുമാനത്തിന് സമർപ്പിക്കണമെന്ന വ്യവസ്ഥയിൽ ശ്രീ.വി.എം.മുഹമ്മദ് റഫീക്ക് IPS -ന്റെ കൺസ്യൂമർഫെഡ് എം.ഡി ആയുള്ള പുനർ നിയമനം സാധൂകരിച്ച് നൽകാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിനു ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്".

7)When the file was circulated for ratifying the Government decision to allow him to continue in the post of Managing Director consequent to his retirement on 31/05/2020 and fixing the term of his appointment, the Honourable Chief Minister has ordered to place the [illegible] the Council of Ministers.

8)As per the orders of Honourable Chief Minister, when the file was submitted for approving the note for the Council of Ministers, the Chief Secretary noted the following:

"The practice of submitting proposals before the Council of Ministers for ratification of the action of re-appointment of retired officers has increased recently. This prevents proper scrutiny of the proposal including the merit and competency of the re-appointee. Most of the proposals are coming without fixing terms and conditions. Para 190 (iii) of the Kerala Secretariat Office Manual stipulates that the notes for the Council of Ministers must include all the relevant facts of the case.

While discussing a similar case of re-employment in another PSU, the meeting of the Council of Ministers held on ~~05~~ 12.08.2020 decided that **no retrospective approval of re-employment can be done in future.**

In view of the above, the practice of officers appointed immediately after retirement and seeking ratification for such appointment subsequently may be dispensed with.

The re-appointments may be made only after getting approval of the Council of Ministers as mandated in case no. 45 of the Second Schedule of the Rules of Business of the Government of Kerala. We may stick on to the decision of the Council of Ministers held on ~~05~~ 12.08.2020."

9)When the file was circulated to Honourable Chief Minister again the Hon'ble Cheif Minister has Ordered to include the above facts also in the Note for the Council of Ministers.

## POINT FOR DECISION

(A) Whether the re-appointment given to Sri.V.M.Mohammed Rafeeq (I.P.S) as the Managing Director of Kerala State Co-operative Consumers Federation Limited (Consumerfed) on contract basis immediately after his retirement on 31/05/2020 may be ratified subject to the conditions suggested by the Chief Secretary will be strictly complied with in future?

(B) The terms of his appointment may be fixed as per the provisions under Rule 100 of Kerala Service Rules, Part III?